# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/BP-847/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 17/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസി.ഡെവലെപ്മെന്റ് കമ്മീഷണർ, ഗ്രാമവികസനവകുപ്പ്, തിരുവനന്തപുരം
3) കാര്യാലയ പകർപ്പ്

നമ്പർ: KSA/TVM/BP-847/2022 തീയ്യതി: 17/06/2022

## തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 09-05-2022 | 18-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-05-2022 | 18-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (HG)
ശ്രീമതി ശ്രീദേവി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ആതിര.സി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷാനിബാ ബീഗം | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | പ്രസിഡന്റ് | 12-11-2020 | 19-12-2020 |
| ശ്രീ.ഹരിപ്രസാദ് | പ്രസിഡന്റ് | 20-12-2020 | 31-03-2021 |
| ശ്രീമതി ഷൈനി.ജി | സെക്രട്ടറി | 01-04-2020 | 11-02-2021 |
| ശ്രീ.ശംഭു.എസ് | സെക്രട്ടറി | 12-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.എസ്.ജി.നായർ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. രാജേഷ്.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി അച്ചാമ്മ.എ.എസ് | മെഡിക്കൽ ഓഫീസർ – സി.എച്ച്.സി.പുത്തൻതോപ്പ് | 01-04-2020 | 31-03-2021 |
| ഡോ.രമ ഗാർനെറ്റ് | മെഡിക്കൽ ഓഫീസർ – സി.എച്ച്.സി. അണ്ടർക്കോണം | 01-04-2020 | 31-03-2021 |
| ഡോ.പ്രീതാകുമാരി | ശിശു വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി രശ്മി.ആർ.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 07-08-2020 |
| ശ്രീ.സുനിൽ.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 08-08-2020 | 19-08-2020 |
| ശ്രീമതി രാധാമണി.കെ.എൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 20-08-2020 | 31-03-2021 |
| ശ്രീ.സുനിൽ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി സീമ.വി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 08-06-2020 |
| ശ്രീമതി റീജ.എസ്.ശ്രീധരൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 08-06-2020 | 31-03-2021 |
| ശ്രീ.ജോൺ വെസ്ലലി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-05-2020 |
| ശ്രീമതി നദീറ ബീഗം | വ്യവസായ വികസന ഓഫീസർ | 01-06-2020 | 31-08-2020 |

| | | | |
|---|---|---|---|
| ശ്രീ.ഷെഫിൻ.M.B ബെസ്റ്റ് | വ്യവസായ വികസന ഓഫീസർ | 01-09-2020 | 30-11-2020 |
| ശ്രീമതി നദീറ ബീഗം | വ്യവസായ വികസന ഓഫീസർ | 01-12-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Athira C (Auditor, On 18-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-1 |
| 2 | ബജറ്റ് രൂപീകരണം - അപാകതകൾ<br>Written By: Athira C (Auditor, On 18-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-1-1 |
| 3 | ബജറ്റ് വകയിരുത്തൽ - ചെലവ് സംബന്ധിച്ച അപാകതകൾ<br>Written By: Athira C (Auditor, On 18-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രിക<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-2 |
| 5 | വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-06-2022) | 1-2-1 |
| 6 | ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-2-2 |
| 7 | ആസ്തികളിൽ ഡിപ്രീസിയേഷൻ പ്രതിഫലിച്ചിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-2-3 |
| 8 | MNREGS ന്റെ വരവുചെലവുകണക്കുകൾ എ.എഫ്.എസിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-2-4 |
| 9 | ബാങ്ക് /ട്രഷറി സ്റ്റേറ്റ്മെന്റുകളും വാർഷിക ധനകാര്യപത്രികയും തമ്മിലുള്ള പൊരുത്തക്കേടുകൾ<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-2-5 |
| 10 | ഗ്രാന്റ് വിനിയോഗം<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-3 |
| 11 | ഫണ്ട് വിനിയോഗത്തിലെ അപാകതൾ<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-3-1 |
| 12 | ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-3-2 |
| 13 | പദ്ധതി അവലോകനം<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-4 |
| 14 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിശദാംശം<br>Written By: Lathakumari M (Audit Officer, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-5 |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-06-2022) | 1-6 |
| 16 | ക്യാഷ് ബുക്ക് ശരിയായി പരിപാലിക്കുന്നില്ല<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-7 |
| 17 | വരവ് - ചെലവ് തുകകൾ സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്നതിൽ | 1-8 |

| | | |
|---|---|---|
| | ഗുരുതരമായ വീഴ്ച<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-06-2022) | |
| 18 | വി.ഇ.ഒ മാരുടെ അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-9 |
| 19 | വാടക വരവ്- വിവിധ അപാകങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-10 |
| 20 | രസീത് ബുക്ക് പരിശോധന<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 1-11 |
| 21 | ഓഡിറ്റ് റിക്കവറി സംബന്ധിച്ച പരിശോധന<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-12 |
| 22 | ലേലം –ജി.എസ്.ടി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 07-06-2022) | 1-13 |
| 23 | കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട്-കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല.<br>Written By: Lathakumari M (Audit Officer, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-06-2022) | 1-14 |
| 24 | ഇലക്ട്രിക്ക് വർക്കുകൾക്ക് ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് പ്രവൃത്തി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-06-2022) | 1-15 |
| 25 | പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 1-16 |
| 26 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - തുക അനുവദിച്ചതിലെ അപാകത<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 1-17 |
| 27 | കൊയ്ത്തുയന്ത്രം വാങ്ങിയതിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-06-2022) | 1-18 |
| 28 | മാസ്ക്ക് വിതരണം-നടപടിക്രമങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചു.<br>Written By: Lathakumari M (Audit Officer, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 1-19 |
| 29 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഫണ്ട് നൽകൽ-കാലഹരണപ്പെട്ട രീതി തുടരുന്നു.<br>Written By: Lathakumari M (Audit Officer, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 1-20 |
| 30 | KWA നിർവ്വഹിച്ച പദ്ധതി-അപാകങ്ങൾ.<br>Written By: Lathakumari M (Audit Officer, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-06-2022) | 1-21 |
| 31 | മുറിച്ചുമാറ്റിയ മരങ്ങളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 1-22 |
| 32 | യാത്രാബത്ത-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 1-23 |
| 33 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-06-2022) | 1-24 |

| | | |
|---|---|---|
| 34 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി അണ്ടർകോണം- ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല<br>Written By: Athira C (Auditor, On 19-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 1-25 |
| 35 | വനിതാ ഗ്രൂപ്പ് തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി-രേഖകളുടെ അഭാവത്തിൽ 1500000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Athira C (Auditor, On 18-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 1-26 |
| 36 | ശിശുവികസന പദ്ധതി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പ്രോജക്ടുകളിലെ അപാകതകൾ- 42250/- രൂപ തുക തടസ്സം ചെയ്യുന്നു<br>Written By: Athira C (Auditor, On 18-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയതുകയുടെ വിവരം<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 4-4 |
| 5 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 08-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 09-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Biji T (Computer Assistant, On 09-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreedevi S (Senior Grade Auditor, On 20-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathakumari M (Audit Officer, On 21-05-2022)<br>Last Updated By: Biji T (Computer Assistant, On 09-06-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബ്ലോക്ക്പഞ്ചായത്തിന്റെ ബജറ്റ് 27.03.20 ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 1 തീരുമാനം നമ്പർ (1) പ്രകാരം 433273216/- രൂപ പ്രാരംഭ ബാക്കി ഉൾപ്പെടെ വരവും 426167600/- രൂപ ചെലവും 7105616/- രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 19.02.2021 ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 1 തീരുമാനം നമ്പർ (1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-1-1 ബജറ്റ് രൂപീകരണം - അപാകതകൾ

ബജറ്റ് ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ട 2020-21 വർഷത്തെ ബജറ്റ് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട താഴെപ്പറയുന്ന പ്രധാന രേഖകളും ലഭ്യമാക്കിയിട്ടില്ല.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ഡി) പെർഫോമൻസ് ബജറ്റ്

ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധിക്കുന്നതിനായി Monthly Progress Report, Annual Review Progress Report എന്നിവ ആവശ്യപ്പെട്ടുവെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/11.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ടാണ് ബജറ്റ് തയ്യാറാക്കിയതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

### 1-1-2 ബജറ്റ് വകയിരുത്തൽ - ചെലവ് സംബന്ധിച്ച അപാകതകൾ

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5) -ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

| | ബജറ്റ് പ്രകാരം | എ.എഫ്.എസ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 12343796 | 30388093 |
| വരവ് | 420929420 | 74774434 |
| ആകെ | 433273216 | 105162527 |
| ചെലവ് | 426167600 | 85133863 |
| നീക്കിയിരിപ്പ് | 7105616 | 20028664 |

1) ബജറ്റിൽ തുക വകയിരുത്താത്ത ഇനങ്ങൾക്കും എ.എഫ്.എസ് പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| ബജറ്റ് Detailed Head Code | ഇന വിവരം | എ.എഫ്.എസ് പ്രകാരം ഉള്ള ചെലവ് |
|---|---|---|
| 2102005 | Travelling Allowance Of Elected Representatives | 20860 |

| | | |
|---|---|---|
| 2205101 | Legal Expenses | 39380 |
| 2207101 | Extra-ordinary Expenses | 30455 |
| 2308001 | Other Operating And Maintenance Expenses | 1415000 |
| 2207001 | Election Expenses | 18830 |
| 2501048 | Dairy Development-Infrastructure | 229400 |
| 2501003 | Agricultural Development Programs | 3796780 |
| 2501031 | Animal Husbandry-Cow | 3300000 |
| 2511003 | High School Education | 729519 |
| 2513012 | Other Social Security Programs | 738678 |
| 2516008 | Other Plan Expenditure | 491083 |
| 2523001 | Public Buildings | 1075310 |
| 2551001 | Maintenance Projects-Road Assets | 4142961 |
| 2552003 | Maintenance Projects-Non Road Assets-Transferred Institutions-Fisheries | 495231 |
| 2552011 | Maintenance Projects-Non Road Assets-transferred Institutions-General Education | 600000 |

പരിഷ്കരിച്ച ബജറ്റിലും മേൽ പറഞ്ഞ ഇനങ്ങൾക്ക് തുക വകയിരുത്തിയിട്ടില്ല.

2) താഴെ പറയുന്ന ഇനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്.

| Detailed Head Code | ഇന വിവരം | ബജറ്റിൽ വകയിരുത്തിയ തുക | എ.എഫ്.എസ് പ്രകാരം ചെലവ് |
|---|---|---|---|
| 2501046 | ക്ഷീര വികസനം-സംഭരണവും വിപണനവും | 2400000 | 2958976 |
| 2512002 | പൊതു ആരോഗ്യ പരിപാടികൾ | 275000 | 576430 |
| 2512004 | മരുന്നുകൾ | 1621000 | 2000000 |
| 2503015 | സേവന സംരംഭങ്ങൾ | 135900 | 1500000 |
| 2511014 | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് | 3895300 | 5455000 |
| 2512001 | ഹെൽത്ത് സെന്ററുകൾ/ആശുപത്രികൾ/ ഡിസ്പെൻസറികൾ | 133300 | 218766 |
| 2513006 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ | 3337500 | 4374889 |

പരിഷ്കരിച്ച ബജറ്റിലും മേൽ പറഞ്ഞ ഇനങ്ങൾക്ക് കൂടുതൽ തുക വകയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/11.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് തിരികെ ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 30.06.2021 | - | - |

## 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

3. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി 2021 മാർച്ച് ലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4. ബി 18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസായി നൽകിയിട്ടുള്ള ചുവടെ പറയുന്ന തുകകൾ ക്രമീകരിച്ചിട്ടില്ല.

| കോഡ് | ഇനം | തുക |
|---|---|---|
| 460500501 | Advance To Implementing Officers | 500000 |
| 460509901 | Advance To Others | 990496 |

5. ബി 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന തുകകൾ ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് തിരികെ ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 350120199 | Interest Accrued & Due - Others | 468030 |
| 2 | 350300116 | Government And Other Dues Payable-flood Cess | 3250 |
| 3 | 350300199 | Government And Other Dues Payable-others | 2745 |

6. 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം B-18 ഷെഡ്യൂളിൽ Advance To Implementing Agencies- Deposit With Kerala Water Authority ഇനത്തിൽ 6992400 രൂപ അവശേഷിക്കുന്നു. ടി തുക 2019-20 ബാലൻസ് ഷീറ്റ് പ്രകാരമുള്ള 5995400 രൂപയും 2020-21 വർഷം ഡെപ്പോസിറ്റ് വർക്കിന് അനുവദിച്ച 997000 രൂപയും ചേർന്നതാണ്. മേൽ തുകകൾ ഏതൊക്കെ പ്രവൃത്തികൾക്കായി നിക്ഷേപിച്ചിട്ടുള്ളതാണ്, പ്രവൃത്തികളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. അവയിൽ പൂർത്തിയായവയുടെ വിവരം, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചവയുടെ വിവരം എന്നിവയും ലഭ്യമാക്കിയിട്ടില്ല.

7. വാർഷിക ധനകാര്യപത്രിക പ്രകാരം മെയിന്റനൻസ് ഫണ്ട് നോൺറോഡ് ഉപയോഗിച്ച് 294830 രൂപ ആസ്തി രൂപീകരണത്തിനായി ചെലവഴിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | RP-7 | I-6 | വ്യത്യാസം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 3890989 | 3596159 | 294830 |

പ്രസ്തുത തുക ഏതൊക്കെ പ്രവൃത്തികൾക്കായി ഉപയോഗിച്ചുവെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/10.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

8. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (10735900) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (10359429) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

9. 310900101- Excess Of Income Over Expenditure ഹെഡ്ഡിന്റെ ബി1 ഷെഡ്യൂൾ പ്രകാരമുള്ള തുകയും (22190884) ജനറൽ ലെഡ്ജർ ട്രയൽ ബാലൻസ് പ്രകാരം ടി ഹെഡ്ഡിന്റെ നീക്കിയിരിപ്പ് തുകയും (22698667) പൊരുത്തപ്പെടുന്നില്ല.

10. B1 ഷെഡ്യൂൾ (Landscape) പ്രകാരം 310900101-Excess Of Income Over Expenditure ഹെഡ്ഡിന്റെ ബാലൻസ് തുകയായ 22190884 എന്നത് പോസിറ്റീവായി കാണിച്ചിരിക്കുന്നു. എന്നാൽ ബി 1 ഷെഡ്യൂളിൽ പ്രസ്തുത തുക നെഗറ്റീവായി കാണിച്ചിരിക്കുന്നു.

11. Income & Expenditure Statement പ്രകാരമുള്ള ആകെ ചെലവ് (63103014) ആകെ വരുമാനത്തെക്കാൾ (62991003) കൂടി നിൽക്കുന്നു.

12. 2020-21 വർഷാന്ത്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിൽ B-14 Stock In Hand (Inventories) എന്ന ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല.

13. വാർഷിക ധനകാര്യ പ്രകാരമുള്ള ഗുണഭോക്തൃ വിഹിതത്തിന്റെ വരവ്-ചെലവ്- നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| മുന്നിരിപ്പ് | വരവ് | ചെലവ് | വരേണ്ടിയിരുന്ന നീക്കിയിരിപ്പ് | ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|
| 290532 | 93962 | 0 | 93962 | 300 |

കൂടാതെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഗുണഭോക്തൃവിഹിതമിനത്തിലെ ചെലവ് ഉൾപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 1/10.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

14. A.E യുടെ റിപ്പോർട്ട് പ്രകാരം Capital Work In Progress 948138/- രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം ആയത് 173489 രൂപ മാത്രമാണ്.

15. ചെലവ് രേഖപ്പെടുത്താൻ സാംഖ്യ വൗച്ചർ സൂക്ഷിക്കുന്നില്ല.

16. ആർപി 9 ഷെഡ്യൂളിൽ 171100101- Interest From Bank Accounts ഹെഡ്ഡിന്റെ വരവായി ഉൾപ്പെടുത്തിയിട്ടുള്ളത് 69 രൂപയാണ്. എന്നാൽ ബന്ധപ്പെട്ട ലെഡ്ജർ പരിശോധനയിൽ 2020-21 വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള ബാങ്ക് പലിശയായി ആകെ 24620 രൂപ ലഭിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ 31.03.21 ന് ടി തുകയിൽ നിന്നും 24551 രൂപ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പേരിലും Correction Entry ആയും ചെലവ് കാണിച്ചിരിക്കുന്നു. ആയതിനുള്ള കാരണം വ്യക്തമാ ക്കിയിട്ടില്ല.

17. വാർഷികധനകാര്യപത്രിക RP-36 പ്രകാരം 'Refunds Payable- Grants And Funds' ഇനത്തിൽ 369090 രൂപ ചെലവായി കാണിച്ചിരിക്കുന്നു. ഇത് ഏത് ഇനത്തിലെ ചെലവാണെന്നതിന് വ്യക്തമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

18. സംയുക്ത പദ്ധതിക്കായുള്ള ഫണ്ട് വരവ്, ചെലവ്, നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല

| ഇനം | മുന്നിരിപ്പ് (എ.എഫ്.എസ് പ്രകാരം) | വരവ് (എ.എഫ്.എസ് പ്രകാരം) | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) | നീക്കിയിരിപ്പ് (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|
| വില്ലേജ് പഞ്ചായത്ത് വിഹിതം | 7771106 | 3831603 | 0 | 7340709 |

സംയുക്ത പ്രോജക്ടുകൾക്കായി ചെലവഴിച്ച വില്ലേജ് പഞ്ചായത്ത് വിഹിതം സുലേഖ ചെലവ്പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/16.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-2-2 ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ B-7, 2020-21 സാമ്പത്തിക വർഷത്തെ RP-34(വരവ്), RP-34(ചെലവ്), B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | 2019-20 B-7 മുന്നിരിപ്പ് | RP34 വരവ് | RP34 ചെലവ് | 2020-21 B7 നീക്കിയിരിപ്പ് |
|---|---|---|---|---|
| Contractors EMD | 915478 | 2600 | 0 | 918078 |

| | | | | |
|---|---|---|---|---|
| Contractors Security Deposit | 26448 | 0 | 0 | 26448 |
| Contractors Retention | 157629 | 245074 | 115160 | 287543 |
| Other Deposit | 760334 | 0 | 0 | 760334 |
| Rent Deposit | 17040 | 0 | 0 | 17040 |

Contractors Security Deposit, Other Deposit, Rent Deposit എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുക 2019-20 മുതലുള്ള നീക്കിയിരിപ്പുള്ള തുകയാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മുന്നിരിപ്പ് ഡെപ്പോസിറ്റ് തുകകൾ ഏത് കാലയളവ് മുതലുള്ളതാണെന്ന് വ്യക്തമല്ല. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളിൽ 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-2-3 ആസ്തികളിൽ ഡിപ്രീസിയേഷൻ പ്രതിഫലിച്ചിട്ടില്ല

ചുവടെ പറയുന്ന Fixed Asset- കളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | ഹെഡ് കോഡ് | Fixed Asset | 2019-20 ബാലൻസ് ഷീറ്റ് പ്രകാരം | 2020-21 ബാലൻസ് ഷീറ്റ് പ്രകാരം |
|---|---|---|---|---|
| 1 | 411300101 | Roads & Bridges | 1180815 | 1180815 |
| 2 | 411310101 | Sewerage & Drainage | 72660 | 72660 |
| 3 | 411320101 | Waterways | 50721 | 50721 |
| 4 | 411400101 | Plant & Machinery | 207071 | 207071 |
| 5 | 411600101 | Office & Other Equipments | 501794 | 501794 |
| 6 | 411800101 | Other Fixed Assets | 298045 | 298045 |

ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധയ്ക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 1-2-4 MNREGS ന്റെ വരവുചെലവുകണക്കുകൾ എ.എഫ്.എസിൽ ഉൾപ്പെട്ടിട്ടില്ല

MGNREGS ന്റെ അക്കൗണ്ടിന്റെ (IOB അക്കൗണ്ട് നം. 216201000003210) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.21ൽ

582955.66/- രൂപ നീക്കിയിരിപ്പുണ്ട്. അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ് ,നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു. വാർഷിക ധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

| ഇനം | ക്യാഷ് ബുക്ക് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 334309.66 |
| വരവ് | 1150119 |
| ചെലവ് | 901473 |
| നീക്കിയിരിപ്പ് | 582955.66 |

## 1-2-5 ബാങ്ക് /ട്രഷറി സ്റ്റേറ്റ്മെന്റുകളും വാർഷിക ധനകാര്യപത്രികയും തമ്മിലുള്ള പൊരുത്തക്കേടുകൾ

1. ലഭ്യമാക്കിയ Treasury Account - Covid ന്റെ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.21 ലെ നീക്കിയിരിപ്പ് 0 ആണ്.

എന്നാൽ വാർഷിക ധനകാര്യ പത്രിക ആർ പി 40 (ബി) ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 5350/- രൂപയാണ്. പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. 2020-21 വർഷത്തെ ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള CORPORATION BANK AC NO. 732 ന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. ട്രഷറി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയ 701051400000157 നം. അക്കൗണ്ടിന്റെ വിവരങ്ങൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല (01.04.20 ലെ മുന്നിരിപ്പ് 38000/- രൂപയും 31.03.21 ലെ നീക്കിയിരിപ്പ് 17500/- രൂപയുമാണ്).

4. വർഷങ്ങൾക്ക് മുൻപ് തന്നെ ക്ലോസ് ചെയ്തതിരുന്നതും 2019-20 വർഷത്തെ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിരുന്നതുമായ Vijaya Bank-SIGN-1365 അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയായ 2980/- രൂപ 2020-21ലെ അക്കൗണ്ട്സിലും നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു. വിജയ ബാങ്ക് പ്രവർത്തനം നിർത്തിയതിനാൽ വിജയ ബാങ്ക് ലയിച്ചിട്ടുള്ള ബാങ്ക് ഓഫ് ബറോഡയിൽ പ്രസ്തുത അക്കൗണ്ട് തുടരുകയാണെന്ന് അറിയിക്കുകയും 81460100001714 നം. അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ്മെന്റ് പ്രകാരം 26.02.2014 ലാണ് പുതിയ അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത്. കൂടാതെ 01.04.20 ലെ മുന്നിരിപ്പ് 3174/- രൂപയും 31.03.21 ലെ നീക്കിയിരിപ്പ് 3269/- രൂപയുമാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ പ്രസ്തുത അക്കൗണ്ടിന്റെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല. Vijaya Bank-SIGN-1365 നം. അക്കൗണ്ട് ക്ലോസ് ചെയ്തത് ഏതു തീയതിയിലാണ് എന്ന വിവരം കൂടി അറിയിക്കേണ്ടതാണ്.

5. ചുവടെ ചേർക്കുന്നതും പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ളതുമായ ചുവടെ പറയുന്ന അക്കൗണ്ടുകളുടെ വിവരങ്ങൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | അക്കൗണ്ട് | റിമാർക്സ് |
|---|---|---|
| 1 | TDCB (അക്കൗണ്ട് നം.02010601480000) | 01.04.20 ലെ മുന്നിരിപ്പ് 1231940 രൂപയും 31.03.21 ലെ നീക്കിയിരിപ്പ് 654457 രൂപയുമാണ്. |
| 2 | IOB (അക്കൗണ്ട് നം. 216201000003210) | MGNREGS അക്കൗണ്ട്. മുന്നിരിപ്പ് 334309.66 രൂപയും 582955.66 രൂപയുമാണ്. |

ബാങ്ക് പാസ്ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ്, അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ വിവിധ അക്കൗണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ ബാങ്ക് അക്കൗണ്ടുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താത്തത് ഗുരുതരമായ വീഴ്ചയാണ്. മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

2020-21 വർഷത്തെ എ.സി.ആർ. പ്രകാരം പ്ലാൻ ഫണ്ട് ലഭിച്ചതിന്റേയും, ചെലവഴിച്ചതിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 34859421 | 34859421 | 34673340 (*) | 186081 | 99.5% |
| വികസനഫണ്ട് (എസ്.സി.പി) | 0 | 19524000 | 19524000 | 15364470 | 4159530 | 79% |
| വികസനഫണ്ട് (CFC Tied) | 0 | 6550000 | 6550000 | 3437452 | 3112548 | 47.5% |
| വികസനഫണ്ട് (CFC Untied) | 0 | 6550000 | 6550000 | 5036891 | 1513109 | 23% |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6079878 | 6079878 | 3890989 | 2188889 | 36% |

കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(*) - ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.എഫ്.എസ് എന്നിവ പ്രകാരം ഈ ഇനത്തിലെ ചെലവ്- 34624380/- രൂപയും നീക്കിയിരിപ്പ് 235041/- രൂപയുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.19/16.05.20 മറുപടി നൽകിയില്ല.

### 1-3-1 ഫണ്ട് വിനിയോഗത്തിലെ അപാകതൾ

എ) വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ 2019-20 മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 320100110 | Centrally Sponsored Scheme-IAY General | 28023738 |
| 2 | 320100111 | Centrally Sponsored Scheme-IAY Component Plan | 5750000 |
| 3 | 320100121 | Centrally Sponsored Scheme-ICDS | 527412 |
| 4 | 320200301 | Grant For Specific Purposes-other Than Develpoment Fund | 369 |
| 5 | 320200323 | Grant For Keralolsavam | 1905 |
| 6 | 320300199 | Grant For Specific Purposes-other Govt. Agencies | 25000 |

ബി)

താഴെപ്പറയുന്ന ഹെഡുകളിലുള്ള തുകകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് കോഡ് | 2019-20 ബാലൻസ് ഷീറ്റ് പ്രകാരം | 2020-21 വർഷത്തെ വരവ് | 2020-21 വർഷത്തെ ചെലവ് | 2020-21 ബാലൻസ് ഷീറ്റ് പ്രകാരം |
|---|---|---|---|---|---|
| 1 | 320100115 | 716115 | 23755 | 0 | 739870 |
| 2 | 320100118 | 25123 | 779 | 0 | 25902 |

മേൽ തുകകൾ ചെലവഴിക്കാത്തതിനുള്ള കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 03/10.05.20 ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി തുക കാര്യക്ഷമമായി ചെലവഴിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും ശ്രദ്ധ അനിവാര്യമാണ്.

## 1-3-2 ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 20604342 | 10900638 | 52.9 |
| | പട്ടിക ജാതി | 1257900 | 458500 | 36.4 |
| സേവനം | പൊതുവിഭാഗം | 64267400 | 32893642 | 51.2 |
| | പട്ടിക ജാതി | 26537742 | 12347593 | 46.5 |
| പശ്ചാത്തലം | പൊതുവിഭാഗം | 45079536 | 30027568 | 66.6 |
| | പട്ടിക ജാതി | 1887656 | 1887656 | 100 |

ഗ്രാന്റ്/ഫണ്ടുകളുടെ മേഖലാവകയിരുത്തലിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി. 29.01.2018) ഖ. 6.2 പ്രകാരം പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ ബജറ്റ് പ്രകാരം പട്ടികവർഗ്ഗ ഉപപദ്ധതിക്കായി ലഭിച്ച മുഴുവൻ തുകയും (382000 രൂപ) പാഴായിരിക്കുന്നു.

ബി) ഖണ്ഡിക 5.4.1(8) പ്രകാരം ബ്ലോക്ക്പഞ്ചായത്തുകൾ പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റെ 30% ൽ അധികം തുക പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താൻ പാടുള്ളതല്ല. ഇപ്രകാരം കണക്കാക്കുമ്പോൾ പരമാവധി വകയിരുത്താൻ

കഴിയുന്ന തുക 5857200/- രൂപയാണ്. എന്നാൽ 6535929/- രൂപ വകയിരുത്തിയിരിക്കുന്നു.

സി) ഖണ്ഡിക 5.6. പ്രകാരം ത്രിതലപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിരിക്കുന്നതാണ് അഗതിരഹിത കേരളം പദ്ധതി. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം ആകെ അടങ്കൽ തുകയുടെ 10% ബ്ലോക്ക് പഞ്ചായത്തുകൾ വകയിരുത്തേണ്ടതാണ്. അത്തരത്തിലൊരു വകയിരുത്തൽ നടത്തിയതായി സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം കാണുന്നില്ല.
മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 19/16.05.22 ന് മറുപടി നൽകിയിട്ടില്ല. ഇതിന്മേൽ വിശദീകരണം നൽകേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഉൾപ്പെടാതെ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പ്രോജക്ടുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|
| 117 | 89924611 | 108 | 62994802 | 9 | 70% |

1.സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി)പ്രകാരം പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 01.01.20ൽ ചേർന്ന യോഗത്തിൽ മേൽ ചുമതല നിർവ്വഹിച്ചതായി കാണുന്നില്ല. 2020-21 വർഷത്തെ വികസന സെമിനാറിന്റെ മിനിട്സ് പരിശോധിച്ചതിൽ പ്രസ്തുത തീയതിയിൽ പങ്കെടുത്തവരുടെ അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ മറ്റ് തീരുമാനങ്ങളൊന്നും രേഖപ്പെടുത്തുകയോ മിനിട്സ് ക്ലോസ് ചെയ്യുകയോ ചെയ്തിട്ടില്ല. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. അപ്രകാരം പുനഃ സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2 .സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 2020-21 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 22.01.22 ന് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത മീറ്റിംഗിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്ക്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

5. സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അവസ്ഥാവിശകലനത്തെ അടിസ്ഥാനമാക്കിയാണോ പദ്ധതികൾ രൂപീകരിച്ചിരിക്കുന്നതെന്ന് ഉറപ്പാക്കാനായിട്ടില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 32/18.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിശദാംശം

| ഓഡിറ്റ് | ഓഡിറ്റ് നടന്ന | ഓഡിറ്റ് വർഷം | റിപ്പോർട്ട് കിട്ടിയ |
|---|---|---|---|

| | കാലയളവ് | | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-10-21 മുതൽ 3.11.21 വരെ | 2020-21 | 7.01.22 |
| അക്കൌണ്ടന്റ് ജനറൽ ഓഡിറ്റ് | 25.9,2020 മുതൽ 9.10.20വരെ | 2015-16 മുതൽ 2019-20 വരെ | 3.12.20 |

## 1-6 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ വിവിധ അപാകങ്ങൾ ഉണ്ട്. ആയതിന്റെ വിശദാംശം വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിലെ വരവ് - ചെലവ് തുകകൾ യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്നില്ല

2.പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമല്ല.

3. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് ബുക്ക് ശരിയായി പരിപാലിച്ചിട്ടില്ല.

മേൽ അപാകങ്ങൾ പരിഹരിക്കാൻ ജനറൽ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ക്യാഷ് ബുക്ക് ശരിയായി പരിപാലിക്കുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 5(3) (4)പ്രകാരം ക്യാഷ്ബുക്ക് ദിനംപ്രതി ക്ളോസ് ചെയ്യേണ്ടതും, ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി ക്യാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും, നീക്കിയിരിപ്പും പരിശോധിക്കേണ്ടതും അത്തരം പരിശോധനയുടെ സൂചകമായി ക്യാഷ്ബുക്കിൽ ഒപ്പുവെയ്ക്കേണ്ടതുമാണ്. ക്യാഷറുടെ കൈവശമുള്ള ക്യാഷ് ബാലൻസും, ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ ബാലൻസും ഓരോ ദിനാന്ത്യത്തിലും പരിശോധിച്ച് സെക്രട്ടറിയോ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ക്യാഷ്ബുക്കിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

## 1-8 വരവ് - ചെലവ് തുകകൾ സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്നതിൽ ഗുരുതരമായ വീഴ്ച

1. 2011 ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 19, ഉപചട്ടങ്ങൾ പ്രകാരം വരവ് - ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്കുശേഷമാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| അക്കൗണ്ട് നം. | ചെക്ക് നമ്പർ / തിയ്യതി | അക്കൗണ്ട് ചെയ്യേണ്ട തിയ്യതി | അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച തിയതി | അക്കൗണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|
| LGTSB A/C | 5997946/13.10.2020 | 13.10.20 | 15.10.20 | 26.01.2021 |
| | 5997947/13.10.2020 | 13.10.20 | 15.10.20 | 26.01.2021 |
| | 5997948/19.10.2020 | 19.10.20 | 15.10.20 | 26.01.2021 |
| | 5997949/19.10.2020 | 19.10.20 | 15.10.20 | 26.01.2021 |
| | 5997950/16.10.2020 | 16.10.20 | 22.10.20 | 26.01.2021 |
| | 5997951/16.10.2020 | 16.10.20 | 22.10.20 | 26.01.2021 |
| | 5997952/16.10.2020 | 16.10.20 | 20.10.20 | 26.01.2021 |
| | 5997953/21.10.2020 | 21.10.20 | 04.11.20 | 26.01.2021 |
| | 5997954/21.10.2020 | 21.10.20 | 04.11.20 | 26.01.2021 |
| | 5997955/28.10.2020 | 28.10.20 | 04.11.20 | 26.01.2021 |
| | 5997956/28.10.2020 | 28.10.20 | 02.11.20 | 26.01.2021 |
| | 5997960/04.11.2020 | 04.11.20 | 05.11.20 | 27.01.2021 |
| | 5997961/04.11.2020 | 04.11.20 | 05.11.20 | 27.01.2021 |

| | | | | |
|---|---|---|---|---|
| | 5997962/04.11.2020 | 04.11.20 | 05.11.20 | 27.01.2021 |
| | 5997963/04.11.2020 | 04.11.20 | 05.11.20 | 27.01.2021 |
| | 5997964/04.11.2020 | 04.11.20 | 05.11.20 | 27.01.2021 |

2. LGTSB അക്കൗണ്ടിന്റെ ബാങ്ക്ബുക്കിൽ 04.09.2020ന് 21400/- രൂപ ലഭിച്ചതായി കാണിച്ചിരിക്കുന്നു. എന്നാൽ ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ പ്രസ്തുത തുക ലഭിച്ചതായി കാണുന്നില്ല.

3. വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള ചുവടെ പറയുന്ന ചെലവ് തുകകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് ബുക്കിൽ അക്കൗണ്ട് ചെയ്തിട്ടുണ്ടെങ്കിലും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് നം. | ചെക്ക് നമ്പർ / തിയ്യതി | ബാങ്ക് ബുക്ക് പ്രകാരമുള്ള തുക | സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|---|
| LGTSB A/C | 5997904/06.08.2020 | 5350 | 46545 |
| | 5997916/24.08.2020 | 13000 | 10000 |
| | 5997928/08.09.2020 | 5350 | 29500 |
| | 5997938/04.11.2020 | 66340 | 5561 |
| SPECIAL TSB-3 A/C | 5919251/06.05.2020 | 8159 | 19305 |
| | 5919252/06.05.2020 | 19305 | 8159 |
| | 5919270/03.06.2020 | 21400 | 66340 |
| | 5919289/02.07.2020 | 22900 | 96000 |

മേൽ വിഷയങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം 30/18.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്ക് പ്രകാരമുള്ള തുകയിൽ നിന്നും വ്യത്യസ്തമായ തുകകളാണ് അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ആയത് ഗുരുതരമായ വീഴ്ചയാണ്. മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-9 വി.ഇ.ഒ മാരുടെ അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 12 വി.ഇ.ഒ മാരുടെ പേരിൽ ഇഎംഎസ് പദ്ധതിക്കായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് വിവരം സംബന്ധിച്ച് 2019-20 വർഷത്തെ ഓഡിറ്റ് കാലയളവിൽ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മൂന്ന് വി.ഇ.ഒമാരുടെ തുക തിരികെ സർക്കാരിൽ ഒടുക്കിയതുമായി ബന്ധപ്പെട്ട ചലാന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കുക മാത്രമാണ് ചെയ്തിരുന്നത്. മറ്റുള്ളവരുടെ അക്കൗണ്ട് വിശദാംശം ലഭ്യമാക്കിയിരുന്നില്ല. ആയതിന്റെ തുടർ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.22/16.05.22 ന് പോത്തൻകോട് ഗ്രാമപഞ്ചായത്ത് വിഇഒ മാത്രമാണ് മറുപടി നൽകിയത്. അതു പ്രകാരം 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖ.1-7 ൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന പരാമർശത്തിലെ 66468/- രൂപ മാത്രമാണ് ഇഎംഎസ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട തുകയെന്നും രണ്ടാമത്തെ ചെലാൻ പ്രകാരം ഒടുക്കിയ 92017/- രൂപ ശുചിത്വമിഷൻ പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്നും അറിയിച്ചിരിക്കുന്നു.

| വി.ഇ.ഒ പഞ്ചായത്ത് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുണ്ടായിരുന്ന നീക്കിയിരിപ്പ് | ലഭ്യമാക്കിയ ചലാൻ പ്രകാരം തിരിച്ചടച്ച തുക | റിമാർക്സ് |
|---|---|---|---|
| വി.ഇ.ഒ. പോത്തൻകോട് ഗ്രാമപഞ്ചായത്ത് | ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പകർപ്പ് പ്രകാരം 13.11.2019 ൽ 66468/- രൂപ പിൻവലിച്ച് അക്കൗണ്ട് ബാലൻസ് 0 ആക്കിയിട്ടുണ്ട് | രണ്ട് ചലാൻ പ്രകാരം ആകെ 158515/- രൂപയാണ് 3604-00-911-99 ശീർഷകത്തിൽ ഒടുക്കിയിരിക്കുന്നത് (13.11.2019ന് 66468, 14.11.2019ന് 92017 എന്നിങ്ങനെ) | പിൻവലിച്ചതും, തിരിച്ചടച്ചതുമായ തുക സംബന്ധിച്ചുള്ള പൊരുത്തക്കേടിന് വിശദീകരണം നൽകേണ്ടതാണ് |

2019-20 വർഷത്തെ റിപ്പോർട്ടിലെ മറ്റ് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും മറ്റ് വിഇഒമാരുടെ അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-10 വാടക വരവ്- വിവിധ അപാകങ്ങൾ

1. 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ആർപി 43 ഷെഡ്യൂൾ പ്രകാരം ആകെ 320790/- രൂപ

വാടകയിനത്തിൽ വരവ് വന്നിട്ടുണ്ട്. കൂടാതെ ബാലൻസ് ഷീറ്റ് ബി 15 ഷെഡ്യൂൾ പ്രകാരം 646262/- രൂപ കിട്ടാനുള്ളതായും കാണുന്നു. എന്നാൽ പ്രസ്തുത തുകകളുടെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. ലഭ്യമാക്കിയ വാടക രജിസ്റ്റർ പൂർണമല്ല. പഞ്ചായത്തിന്റെ കീഴിലുള്ള ഏതൊക്കെ കെട്ടിടങ്ങളാണ് 2020-21 വർഷം വാടകയ്ക്ക് നൽകിയിട്ടുള്ളതെന്നോ അവയിൽ നിന്നും ലഭിച്ച വാടകയുടെ വരവ് സംബന്ധിച്ച പൂർണമായ വിവരങ്ങളോ ലഭ്യമല്ല. രജിസ്റ്ററിൽ ഡിസിബി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുകയോ ഡിസിബി സ്റ്റേറ്റ്മെന്റ് പരിശോധിച്ചത് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

3. വാടക രജിസ്റ്റർ പ്രകാരം 2020-21 വർഷം കഴക്കൂട്ടം ട്രഷറി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക ലഭിച്ചിട്ടില്ല. 07/19 മുതൽ 6/20 വരെയുള്ള മാസങ്ങളിലെ വാടകയായി 286362/- രൂപ 16.09.21 ലാണ് ലഭിച്ചിട്ടുള്ളത്. 07/20 മുതൽ 03/21 വരെയുള്ള മാസങ്ങളിലെ വാടക ലഭിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമല്ല.

4. 6.09.20 ലെ അടിയന്തിര സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗിലെ 11(6) നം. പ്രകാരം മേന്മ വനിതാ ക്യാന്റീന്റെ കാലാവധി 01.05.20 മുതൽ ഒരു വർഷത്തേയ്ക്ക് പുതുക്കി നൽകുന്നതിന് തീരുമാനിച്ചു. എന്നാൽ അതേ തീയതിയിൽ തന്നെ 2019 ജൂൺ മാസം മുതലുള്ള വാടക കുടിശ്ശിക ഒടുക്കുന്നതിന് ക്യാന്റീന് കത്ത് നൽകിയിട്ടുള്ളതായും കാണുന്നു. ഇപ്രകാരം വാടക കുടിശ്ശിക നിലനിൽക്കെ തുടർപ്രവർത്തനാനുമതി നൽകിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. 2020-21 വർഷത്തെ വാടക പൂർണമായും ഒടുക്കിയിട്ടുണ്ടോയെന്ന വിവരവും കാലതാമസം വരുത്തിയതിന് പിഴപലിശ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

5. മുണ്ടയ്ക്കൽ എസ്റ്റേറ്റിന്റെ വാടക സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്നുള്ള ചുവടെ പറയുന്ന വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എ) 2013 മുതൽ 15 വർഷത്തേയ്ക്ക് മുണ്ടയ്ക്കൽ എസ്റ്റേറ്റിലെ 5 കടമുറികൾ വാടകയ്ക്കെടുത്തിട്ടുള്ള ശ്രീ.അനിൽ കുമാർ, സരോവരം, അരിയാട്ടുകോണം, അണ്ടൂർക്കോണം എന്ന വ്യക്തിയുമായി ചമച്ച കരാർ പ്രകാരം ഓരോ കെട്ടിടത്തിനും ഓരോ വർഷവും PWD നിരക്കിലുള്ള 15% വാടക നിരക്ക് വർദ്ധിപ്പിക്കാവുന്നതാണ്. എന്നാൽ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 6.03.2014 ലെ കമ്മിറ്റിയുടെ 11 -ാം നമ്പർ തീരുമാനമായി വാടക നിരക്ക് വർദ്ധന 5% ആയി നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം സർക്കാർ അനുമതിയില്ലാതെ PWD നിരക്കിലും കുറച്ച് വാടക നിരക്ക് വർദ്ധന നൽകിയതിനുള്ള കാരണം വ്യക്തമല്ല.

ബി) 09.03.2015 ലെ ജി.ഒ.(എം.എസ്)നം.16/95/പിഡബ്ല്യൂയു&റ്റി നം. സർക്കാർ ഉത്തരവ് പ്രകാരം സ്വകാര്യ കെട്ടിടം സർക്കാർ വാടകയ്ക്ക് എടുക്കുമ്പോൾ 3 വർഷത്തിലൊരിക്കൽ വാടക നിരക്ക് വർദ്ധിപ്പിക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. മേൽ ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് , ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി വാടകയ്ക്ക് എടുത്തിട്ടുള്ള ശ്രീ.അനിൽ കുമാർ എന്ന വ്യക്തി മൂന്നു വർഷത്തിലൊരിക്കൽ വാടക നിരക്ക് വർദ്ധിപ്പിച്ച് നൽകിയാൽ മതി എന്നു തീരുമാനിച്ചത് ശരിയല്ല. എന്നാൽ വാടക കരാർ പ്രകാരം ഓരോ വർഷവും വാടക വർദ്ധിപ്പിക്കണമെന്ന് വ്യവസ്ഥയുള്ളതിനാൽ കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി വാടകനിരക്ക് കുറവ് ചെയ്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

സി) വർഷാവസാനം ഉണ്ടാകുന്ന വാടക വർദ്ധനവിനനുസരിച്ചുള്ള തുക ഡെപ്പോസിറ്റായി ടിയാളിൽ നിന്നും ഈടാക്കാത്തതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

ഡി) എല്ലാ മാസവും മുൻകൂറായി വാടക അടയ്ക്കേണ്ടതാണെങ്കിലും വാടക മുൻകൂറായി അടയ്ക്കുന്നതായി കാണുന്നില്ല. ഇതിനെതിരെ നടപടി സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമല്ല.

ഇ) 14.09.20 ൽ ശ്രീ.അനിൽ കുമാറിന് നൽകിയ കത്തിൽ 2020 സെപ്റ്റംബർ മാസം മുതൽ എസ്റ്റേറ്റിലെ 289-D, 289-E എന്നീ കെട്ടിടങ്ങൾക്ക് ഓരോ കെട്ടിടത്തിനും 14460/- രൂപ നിരക്കിൽ വാടക നൽകേണ്ടതാണ് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ പഴയ നിരക്കായ 6262/- രൂപ നിരക്കിൽ തന്നെയാണ് തുടർന്നും വാടക ഒടുക്കിയിട്ടുള്ളത്. അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരം, മേൽ കെട്ടിടങ്ങൾ വാടകയ്ക്കു നൽകിയതിന്റെ കരാർ ഉടമ്പടിയുടെ പകർപ്പ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

എഫ്) 2013 മുതൽ ആകെ 1836614/- രൂപയാണ് വാടക കുടിശ്ശികയായി കണക്കാക്കിയിരിക്കുന്നത്. എന്നാൽ 28.10.20ലെ 4/5 നം. കമ്മിറ്റി തീരുമാനം പ്രകാരം ഭീമമായ വാടക കുടിശ്ശിക ഈടാക്കുന്നത് നിർത്തി വെയ്ക്കുന്നതിനും, 2020 ഒക്ടോബർ മാസം മുതൽ വാടക ഉയർത്തുന്നതിനും തീരുമാനമെടുക്കുകയും, നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അതു പ്രകാരം ഉയർത്തിയ വാടക സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 28/17.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്കുള്ള വിശദീകരണവും വാടക കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും കുടിശ്ശിക ഈടാക്കിയതിന്റെ വിശദമായ റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-11 രസീത് ബുക്ക് പരിശോധന

ബ്ലോക്ക് പഞ്ചായത്തിലെ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. ലഭ്യമാക്കിയ രസീത് ബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (രസീതു ബുക്ക് നമ്പർ വ്യക്തമല്ല)

3. വരവുകൾ സ്വീകരിക്കുമ്പോൾ സാംഖ്യ രസീതുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

4. രസീതുകളുടെ ഉപയോഗം ക്രമത്തിലല്ല. ക്രമനമ്പർ 30 മുതൽ 38 വരെയുള്ള രസീതുകൾ ഉപയോഗിക്കാതെ 39 മുതൽ തുടർന്ന് ഉപയോഗിച്ചിരിക്കുന്നു.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.31/18.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 ഓഡിറ്റ് റിക്കവറി സംബന്ധിച്ച പരിശോധന

മാന്വൽ രസീത് നം. 43/16.03.21 പ്രകാരം ശ്രീ.കൃഷ്ണകുമാർ, വാർഡ് മെമ്പറിൽ നിന്നും ഓഡിറ്റ് റിക്കവറി ഇനത്തിൽ (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.1-17 യുമായി ബന്ധപ്പെട്ടത്) വരവ് വന്ന 9219/- രൂപ തൊട്ടടുത്ത തീയതിയിൽ തന്നെ 2515-00-911-99-ROP ശീർഷകത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഏത് ഹെഡ്ഡിലാണ് പ്രസ്തുത തുകയുടെ വരവ് - ചെലവ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 34/18.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതും ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

## 1-13 ലേലം –ജി.എസ്.ടി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിനുള്ളിലെ വിവിധയിനം മരങ്ങൾ മുറിച്ച് മാറ്റി നീക്കം ചെയ്യുന്നതിന് നടന്ന 30.01.21 ലെ ലേലം 54900/- രൂപയ്ക്ക് ശ്രീ.റ്റി.ദേവരാജ്, എന്ന വ്യക്തിയ്ക്ക് ഉറപ്പിച്ച നൽകിയിരുന്നു. ബന്ധപ്പെട്ട ലേല നോട്ടീസ് പ്രകാരം ലേലതുകയോടൊപ്പം 5% വന വികസന നികുതി, വനവികസന നികുതി+വില്പന വിലയുടെ 18% ജി.എസ്.ടി എന്നിവ ഒടുക്കേണ്ടതാണ്. ലേലതുകയും വനവികസന നികുതിയായി 10376/- രൂപ ഒടുക്കിയതിന്റേയും രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ജി.എസ്.ടി ഈടാക്കിയതിന്റെയും ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കിയതിന്റേയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 28/17.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-14 കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട്-കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല.

1996-ലെ ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. ബ്ലോക്ക്പഞ്ചായത്ത് പ്രവൃത്തി ബില്ലുകളിൽ നിന്ന് ഇപ്രകാരം കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല. 2020-21 വർഷം വെൽഫയർ ഫണ്ടിനത്തിൽ വിവിധ ബില്ലുകളിൽ നിന്ന് ഈടാക്കിയ തുകയുടെ വിശദാംശം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. ടി തുക വരും വർഷങ്ങളിൽ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 15/ 12.05.22 ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-15 ഇലക്ട്രിക്ക് വർക്കുകൾക്ക് ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് പ്രവൃത്തി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

PWD Mannual 2012 ലെ സെക്ഷൻ 2306.1 പ്രകാരം ഗവ.കെട്ടിടങ്ങളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള കരാർ ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് നൽകണമെന്ന നിഷ്കർഷിക്കുന്നു. 2020-21 വർഷം പോത്തൻകോട്

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ നാല് പ്രവൃത്തികളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തികളുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ, ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് Lumpsum ആയി തുക ഉൾക്കൊള്ളിക്കുകയും, ടെണ്ടർ കിട്ടിയ കരാറുകാരൻ ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് ടി തുക തന്നെ ക്വാട്ട ചെയ്ത ശേഷം, പിന്നീട് പുതുക്കിയ എസ്റ്റിമേറ്റ നിരക്കിൽ പ്രവൃത്തി നിർവ്വഹിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/പേര് | ലംപ്സം തുക(രൂ) | ഫൈനൽ ബിൽ തുക(രൂ) | ബിൽ നം,തീയതി |
|---|---|---|---|---|
| 1 | SO24,ആല്യമ്മൂട് LPS ക്ലാസ്റൂം നിർമ്മാണം. നവീകരണം | 56308 | 582347 | 21/13-11-21 |
| 2 | 46,ഹൈടെക് ക്ലാസ്റൂം കരിച്ചാറ LPS | 80561 | 56119 | 28/11-2-21 |
| 3 | 44,പോത്തൻകോട് ബ്ളോക്കിലെ വിവിധ സ്കൂളുകളിൽ ടോയ്ലറ്റ് | 370282 | 345556 | 4/21-4-20 |
| 4 | 42,അണ്ടൂർക്കോണം സാംസ്കാരിക നിലയം | 262047 | 76261 | 22/13-11-20 |

ടി നാലു പ്രവൃത്തികളും നടത്തിയ കരാറുകാർക്ക് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ലൈസൻസ് ഇല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/13.05.2022 ന ലഭ്യമാക്കിയ മറുപടിയിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ അസി.എക്സി.എഞ്ചീനീയർ, അസി.എഞ്ചിനീയർ എന്നിവരുടെ മേൽ നോട്ടത്തിലാണ് നടക്കുന്നതെന്നു അറിയിച്ചിരിക്കുന്നു.

PWD Mannual 2012 ലെ സെക്ഷൻ 2306.1 അനുശാസിക്കുന്ന രീതീയിൽ ഭാവിയിൽ ഇലക്ട്രിക്ക് വർക്കുകൾ ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ, സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1)വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2) വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചില്ല.

2020-21 വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ പർച്ചേസിംഗ് കമ്മിറ്റി 4 തവണ യോഗം ചേർന്നിട്ടുള്ളതായി മിനുട്സ് പരിശോധനയിൽ വ്യക്തമാകുന്നു. പ്രസ്തുത യോഗങ്ങളിൽ വിവിധ സാധനങ്ങൾ വാങ്ങാൻ തീരുമാനിച്ചതായും അനുമതി നൽകിയതായും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ക്വട്ടേഷൻ/ടെണ്ടർ മുഖേന ലഭിക്കുന്ന സാധനങ്ങളുടെ വില, ഗുണമേന്മ എന്നിവ താരതമ്യം ചെയ്യുകയോ വാങ്ങുന്നതിന്റെ ഗുണമേന്മ പരിശോധിക്കുകയോ ചെയ്തിട്ടുള്ളതായ യാതൊരു രേഖപ്പെടുത്തലും മിനിട്സിൽ ഇല്ല.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.29/18.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കമ്മിറ്റി പ്രവർത്തനം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 മെറിറ്റോറിയസ് സ്കോളർഷിപ്പ് - തുക അനുവദിച്ചതിലെ അപാകത

| | |
|---|---|
| പദ്ധതിയുടെ പേര് | മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| പദ്ധതി നമ്പർ | 100/21 |
| പദ്ധതി അടങ്കൽ | 85,83,000 (വികസന ഫണ്ട് എസ്സിപി) |
| പദ്ധതി ചെലവ് | 54,55,000 |
| നിർവഹണ ഉദ്യോഗസ്ഥ | പട്ടികജാതി വികസന ഓഫീസർ |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സാമഗ്രികൾ വാങ്ങുന്നതിനും മെച്ചപ്പെട്ട വിദ്യാഭ്യാസ സാഹചര്യമുണ്ടാക്കുന്നതിനും അതിലൂടെ പഠനനിലവാരം ഉയർത്തുന്നതിനും വേണ്ടി സാമ്പത്തിക സഹായം നൽകുന്നതിനാണ് മേൽ പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ,

1. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരവും ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തീയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.5 പ്രകാരവും അർഹമായതിൽ നിന്നും വ്യതിചലിച്ച് ചുവടെ പറയുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അനുവദിച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ | പഠിക്കുന്ന | സ്കോളർഷിപ്പ് തുക | റിമാർക്സ് |
|---|---|---|---|---|

| | പേര് | കോഴ്സ് | അർഹമായത് | അനുവദിച്ചത് | |
|---|---|---|---|---|---|
| 1 | രാഹുൽ.പി, തോപ്പിനകത്ത് വീട്, കരിച്ചാറ | ബിടെക് | 25000 | 20000 | 5000 രൂപ കുറച്ച് അനുവദിച്ചിരിക്കുന്നു (ട്രഷറി ബിൽ നം.1/MS/ 20-21, തീ.12.10.20 ബിൽ തുക-1,35,000 രൂപ) |
| 2 | ഭാഗ്യലക്ഷ്മി.എം.എൽ, പ്രണവം, ചിറ്റിക്കര | ജനറൽ നഴ്സിംഗ് & മിഡ്‌വൈഫറി കോഴ്സ് | 15000 | 20000 | 5000/- രൂപ അധികം അനുവദിച്ചിരിക്കുന്നു (ട്രഷറി ബിൽ നം.9/MS/ 20-21, തീ.04.03.21 ബിൽ തുക-2,22,000 രൂപ) |

2. മേൽ പദ്ധതിയുടെ ഗുണഭോക്താവായിരുന്ന ഷാനി.ബി, ചരുവിള വീട്, അഴൂർ എന്നയാളിന് സ്കോളർഷിപ്പ് തുകയായ 30,000/- രൂപ ട്രഷറി ബിൽ നം.10/MS/ 20-21, തീ.04.03.21 പ്രകാരം അനുവദിച്ചിരുന്നു (ബിൽ തുക-3,20,000/- രൂപ). എന്നാൽ ടിയാളുടെ ആനുകൂല്യം അക്കൗണ്ടിൽ ക്രെഡിറ്റാവാത്തതു സംബന്ധിച്ച് 30.10.21 ൽ അപേക്ഷ നൽകിയിട്ടുള്ളതായി പ്രോജക്ട് ഫയലിൽ കാണുന്നു. എന്നാൽ അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/13.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം. 1 പ്രകാരമുള്ള അപാകതകൾക്കുള്ള മറുപടിയും ക്രമ നം. 2 പ്രകാരമുള്ള സ്കോളർഷിപ്പ് തുക ബന്ധപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതും ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-18 കൊയ്ത്തുയന്ത്രം വാങ്ങിയതിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | കാർഷിക ആവശ്യങ്ങൾക്ക് യന്ത്രങ്ങൾ വാങ്ങൽ 2019-20 |
| പദ്ധതി നമ്പർ | 81/21 |
| പദ്ധതി അടങ്കൽ | 26,47,000 (വികസന ഫണ്ട് പൊതുവിഭാഗം)<br>2,94,111 (മറ്റുള്ളവ) |
| പദ്ധതി ചെലവ് (ചെലവ് പത്രിക പ്രകാരം) | 26,12,536 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |

മേൽ പ്രോജക്ടിന്റെ ഭാഗമായി പാടശേഖരസമിതിയ്ക്ക് കൊയ്ത്തുയന്ത്രമാണ് വാങ്ങി നൽകിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീയതി.14.02.18 സബ്സിഡി മാർഗ്ഗരേഖ ഖ. 6.1 ക്രമ നം.8 പ്രകാരം, കൊയ്ത്തു യന്ത്രങ്ങളുടെ വാടക സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനേക്കാൾ 20% കുറഞ്ഞ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്ന് കരാർ വ്യവസ്ഥ വേണം. എന്നാൽ പാടശേഖരസമിതിയുമായി 24.08.20 ൽ ഏർപ്പെട്ട കരാറിൽ വാടക നിരക്ക് സംബന്ധിച്ച വ്യവസ്ഥയില്ല.

2. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നുള്ള 03.08.19ലെ D3/STORE/2019-2020 നമ്പർ പ്രൊഫോർമ ഇൻവോയിസ് പ്രകാരം Kubota Combined Harvester ന്റെ വില 26,00,000/- രൂപയാണ്. ആയതു

പരിഗണിക്കാതെയാണ് റെയ്ഡ്കോയിൽ നിന്നുള്ള 17.12.19 ലെ KLR/QT/20/2019-20 നമ്പർ പ്രൊഫോർമ ഇൻവോയിസ് പ്രകാരമുള്ള 28,04,818/- രൂപയുടെ Class Combine Harvester നെ പരിഗണിച്ചിരിക്കുന്നത്.

3. 23.12.19 ൽ കൊയ്ത്തുയന്ത്രം ലഭ്യമാക്കുന്നതിന് റെയ്ഡ്കോയ്ക്ക് കത്ത് നൽകിയിരിക്കുന്നു. കത്തിലെ സൂചനയായി കാണിച്ചിരിക്കുന്നത് 12.12.19 ലെ ലോക്കൽ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനം ആണ്. എന്നാൽ പർച്ചേസ് കമ്മിറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ ടി തീയതിയിൽ മീറ്റിംഗ് നടന്നിട്ടില്ല. കൂടാതെ അതിനു ശേഷം 20.01.20 ലാണ് പർച്ചേസ് ചെയ്യുന്നതിന് കമ്മിറ്റി തീരുമാനം നൽകണമെന്ന് അസിസ്റ്റന്റ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 24.01.20 ൽ കൂടിയ കമ്മിറ്റിയാണ് അനുമതി നൽകിയിട്ടുള്ളത്. മിനിട്സ് പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ Kubota Combined Harvester, റെയ്ഡ്കോയുടെ Class Combine Harvester എന്നിവയുടെ ഗുണമേന്മ സംബന്ധിച്ച് വിലയിരുത്തൽ നടത്തുകയോ Class Combine Harvester ആണ് മികച്ചത് എന്ന പർച്ചേസ് കമ്മിറ്റി അഭിപ്രായപ്പെടുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/16.05.22 ന് ലഭ്യമാക്കിയ മറുപടിയിൽ KAMCO പ്രസ്തുത മെഷീൻ വിപണനം ചെയ്യുന്നില്ല എന്നും KAICO അനുബന്ധ ഉപകരണം ലഭ്യമാക്കാത്തതിനാൽ പരിഗണിച്ചില്ല എന്നും അറിയിച്ചിട്ടുണ്ട്. ഈ മറുപടി തൃപ്തികരമല്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്. അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെടാതെയുള്ള വില തന്നെയാണ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനും റെയ്ഡ്കോയും ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയിസുകളിൽ ചേർത്തിട്ടുള്ളത്. വില കൂടിയ ഉപകരണം വാങ്ങുന്നതിന് പർച്ചേസ് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ Kubota Combined Harvester, റെയ്ഡ്കോയുടെ Class Combine Harvester എന്നിവയുടെ ഗുണമേന്മ സംബന്ധിച്ച് വിലയിരുത്തൽ നടത്തുകയോ Class Combine Harvester ആണ് മികച്ചത് എന്ന പർച്ചേസ് കമ്മിറ്റി അഭിപ്രായപ്പെടുകയോ ചെയ്തിട്ടില്ല.

## 1-19 മാസ്കു വിതരണം-നടപടിക്രമങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചു.

ബ്ലോക്ക് പഞ്ചായത്തു പരിധിയിലുള്ള അഞ്ചു പഞ്ചായത്തുകളിൽ ഒരു വീട്ടിൽ രണ്ടു മാസ്ക് വീതം എന്ന കണക്കിൽ 100000 മാസ്കുകൾ വിതരണം ചെയ്യാൻ 27/4/20ലെ ജനറൽ കമ്മിറ്റി തീരുമാനം നം.IV(3) പ്രകാരം തീരുമാനിച്ചു. കോവിഡ് 19 അടിയന്തിര സാഹചര്യം കണക്കിലെടുത്ത്, ടെൻഡർ നടപടി ഒഴിവാക്കിക്കൊണ്ട്, കിൻഫ്രയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ സ്വീകരിക്കാൻ തീരുമാനിച്ച പ്രകാരം, ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ലിഫാനോ ഗാർമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്വീകരിച്ചു. 100000 മാസ്കുകളുടെ വിലയായി 900000/- രൂപ സ്ഥാപനത്തിന് ചെക്ക് നം.5919291/22-6-20 പ്രകാരം നല്കിയിട്ടുണ്ട്. മേൽ ചെലവു സാധൂകരിക്കുന്നതിനായി 29/9/20 ലെ BP$/1013/2020/PTDC നം കത്ത് പ്രകാരം അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)ക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കത്തു നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവിനു സർക്കാർ സാധൂകരണം കിട്ടിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം .13) 11/05/2022 മറുപടി ലഭ്യമായില്ല. സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ ചെലവഴിച്ചതിൽ , വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഫണ്ട് നൽകൽ-കാലഹരണപ്പെട്ട രീതി തുടരുന്നു.

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ, കൃഷി അസി.ഡയറക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന 369090/- രൂപ, ചെലാൻ മുഖാന്തിരം സെക്രട്ടറിയുടെ പേരിൽ കഴക്കൂട്ടം സബ്ട്രഷറിയിൽ ഉള്ള സ്പെഷൽ TSB-3 അക്കൌണ്ടിൽ നിക്ഷേപിക്കുകയും, ടി തുക ടി അക്കൗണ്ടിൽ നിന്നും, സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കുകയും ചെയ്തിരിക്കുന്നു. സർക്കാർ ഉത്തരവ് G.O.(P).177/2006/Fin.dt.12-4-06 ,G.O(P)119/2015/Fin. Dtd.21-3-15 എന്നിവ പ്രകാരം, ഭാവിയിൽ ചെലവു വരുമെന്ന നിഗമനത്തിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. മാത്രമല്ല നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രസിഡണ്ടിനോട് അനുബന്ധം സി-II, ഫോമിൽ ഫണ്ടിനായി അപേക്ഷിക്കുകയും, പ്രസിഡണ്ടിന്റെ അധികാരപത്രത്തോടൊപ്പം സെക്രട്ടറി യഥാർത്ഥത്തിൽ ആവശ്യമുള്ള തുകയ്ക്കുള്ള അലോട്ട്മെന്റ് നിശ്ചിത മാതൃകയിൽ (അനുബന്ധം സി.II) നൽകുകയുമാണ് വേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി നിർദ്ദേശത്തിന് വിരുദ്ധമായി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് 2018-19 ലെ പദ്ധതി നിർവ്വഹണത്തിനായി മുൻകൂർ തുക നല്കുകയും, ചെലവ ഴിക്കാതെ അവശേഷിച്ച തുക 3/7/20ൽ ട്രഷറി ചെല്ലാൻ മുഖേന തിരികെ ഈടാക്കുകയും ചെയ്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14) ലഭ്യമാക്കിയ മറുപടിയിൽ മേൽ ഉത്തരവിനെപ്പറ്റി അറിവില്ലാത്തതു കൊണ്ടാണ് ഇപ്രകാരം സംഭവിച്ചത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2017-18 വാർഷിക പദ്ധതിയിൽ ശിശു വികസന ഓഫീസർ മുഖേന നിർവ്വഹണം നടത്തിയ പദ്ധതികളിൽ ചെലവഴിക്കാതെ അവശേഷിച്ച തുക സമാന

രീതിയിൽ 2019-20 വർഷം തിരികെ ഒടുക്കിയിട്ടുണ്ട്. 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-9 ൽ ഇക്കാര്യം പ്രതിപാദിച്ചിട്ടുണ്ട്.

2020-21 വർഷത്തെ വാർഷികധനകാര്യ പത്രിക B-4 Schedule പ്രകാരം, വികസനഫണ്ട് (എസ്.സി.പി) ഇനത്തിൽ 6992400/- രൂപ ചെലവഴിക്കാത്ത തുകയായി തനത്ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2019-20 ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് തുക 5995400/- രൂപയായിരുന്നു. എന്നാൽ മേൽ തുകകൾ പിൻവലിച്ച് തനത് ഫണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്ത വർഷം, എന്താവശ്യത്തിനാണ് ഇപ്രകാരം തുക മുൻകൂർ പിൻവലിച്ചത്, ആയത് തിരിച്ചടയ്ക്കാത്തതിനുള്ള കാരണം എന്നിവ വ്യക്തമല്ല. പ്രസ്തുത വിഷയം സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട്ക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.20/16.05.20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 KWA നിർവ്വഹിച്ച പദ്ധതി-അപാകങ്ങൾ.

പ്രോജക്റ്റ് നം-S0090/21
പദ്ധതിയുടെ പേര്-വേങ്ങോട് അംബേദ്കർ കോളനി-പൈപ്പ്ലൈൻ നീട്ടൽ
അടങ്കൽ തുക-997000/- രൂ.
ചെലവു തുക-997000/- രൂ
ബിൽ നം -1/11-4-20
KWA നിർവ്വഹിച്ച ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടെത്തി.

1. ടി പദ്ധതിയുടെ DetailedEstimate ഫയലിൽ സൂക്ഷിച്ചിട്ടില്ല. Abstract Of Estimate ന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയിരിക്കുന്നത്.

2. KWA യുമായി ബ്ലോക്ക് പഞ്ചായത്ത് എഗ്രിമെന്റ് ഒപ്പുവച്ചിട്ടില്ല.

3. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, പെർഫോമൻസ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4 ന മറുപടി ലഭ്യമായില്ല.
29.01.2018 ലെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(2) പ്രകാരം, നിർവ്വഹണ ഏജൻസികൾക്കു തുക അനുവദിക്കുന്നതിനു മുമ്പ് തദ്ദേശ സ്ഥാപനം ബന്ധപ്പെട്ട ഏജൻസികളുമായി കരാർ ഒപ്പിട്ട ശേഷം മാത്രമേ മുൻകൂർ അനുവദിക്കാൻ പാടുള്ളൂ. ഇവിടെ ടി ഉത്തരവു പാലിച്ചിട്ടില്ല. അതിനാൽ മേല്പറഞ്ഞ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-22 മുറിച്ചുമാറ്റിയ മരങ്ങളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

അണ്ടൂർക്കോണം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ വളപ്പിൽ മുറിച്ചിട്ടിരിക്കുന്ന മരങ്ങൾ നീക്കം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള മെഡിക്കൽ ഓഫീസറുടെ 9/3/21 ലെ 268/21ലെ കത്ത്, ജനറൽ കമ്മിറ്റിയുടെ 15/3/21 ലെ യോഗം ചർച്ച ചെയ്തിട്ടുണ്ട്. ജനറൽ കമ്മിറ്റി തീരുമാനം III(6) പ്രകാരം, ടി മരങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നതിന് ജില്ലാഫോറസ്റ്റ് ഓഫീസർക്ക് കത്തു നല്കുന്നതിന് മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ തീരുമാനപ്രകാരം സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റ് എൻക്വയറി നം-27/17.05.22 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും, ആയതിനു മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-23 യാത്രാബത്ത-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾക്ക് യോഗങ്ങളിൽ പങ്കെടുക്കാൻ ദിനബത്ത ഒഴിച്ചുള്ള യാത്രാബത്തയ്ക്ക് അർഹത ഉണ്ടായിരിക്കും എന്ന് 14/12/98 ലെ സർക്കുലർ നം.20223/P3/98/തസ്വഭവ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പോത്തൻകോട് ബ്ളോക്ക് പഞ്ചായത്തിൽ അംഗങ്ങൾക്കുള്ള യാത്രാബത്ത ദിനബത്തയുടെ രൂപത്തിലാണ് നല്കി വരുന്നത്. ഇതിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവോ സർക്കലറോ ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.6/10.05.2022). വിശദാംശം ചുവടെ ചേർക്കുന്നു

വൈസ് പ്രസിഡണ്ട് ശ്രീ.യാസിറിന് 13/8/19 മുതൽ 28/10/20 വരെയുള്ള യാത്രാബത്തയിനത്തിൽ, ചെക്ക് നം.5997993/24-12-20 പ്രകാരം 13820/- രൂപ നല്കിയിട്ടുണ്ട്. ടിയാന് കുടവൂർ നിന്ന് കഴക്കൂട്ടം വരെ 24 കി.മി. യാത്രക്ക് കമ്മിറ്റി യോഗങ്ങൾക്ക് ഒരു ദിനബത്തയും (360രൂ), മറ്റു യോഗങ്ങൾക്ക് പകുതി ദിനബത്തയും (160രൂ)എന്ന നിരക്കിലാണ് യാത്രാബത്ത നല്കിയിട്ടുള്ളത്.

2.ശ്രീമതി.വസന്തകുമാരിക്ക് 18/8/19 മുതൽ 22/6/20 വരെയുള്ള യാത്രാബത്തയിനത്തിൽ ചെക്ക് നം5997996/5-1-21 പ്രകാരം 7040/- രൂപ യാത്രാബത്ത നല്കിയിട്ടുണ്ട്. ടിയാൾക്ക് സ്വന്തം വാർഡിൽ നിന്ന് കഴക്കൂട്ടം വരെയുള്ള യാത്രക്ക്

കമ്മിറ്റി യോഗങ്ങൾക്ക് ഒരു ദിനബത്തയും (360രൂ), മറ്റ യോഗങ്ങൾക്ക് പകുതി ദിനബത്തയും (160രൂ) എന്നനിരക്കിലാണ് യാത്രാബത്ത നല്കിയിട്ടുള്ളത്.

സർക്കുലർ നം.4914/P3/2000 തസ്വഭവ തീ.14-12-98 പ്രകാരം മെമ്പർമാർക്ക് ദൈനംദിന കൃത്യ നിർവ്വഹണത്തിനായി സ്വന്തം വാസസ്ഥലത്തു നിന്നുള്ള യാത്രകൾക്ക് യാത്രാബത്തയ്ക്ക് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. യാത്രാബത്ത അനുവദിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും, ദിനബത്തയുടെ രൂപത്തിൽ യാത്രാബത്ത നല്കുന്നത് ഒഴിവാക്കേണ്ടതുമാണ്. യാത്രാബത്ത ഇനത്തിൽ ഇപ്രകാരം നൽകിയ അധിക തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-24 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

വിവിധ പ്രവൃത്തികൾക്കായി KWA, ശുചിത്വ മിഷൻ, വിവിധ ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ തുക ബ്ളോക്ക് വിഹിതമായി തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

| ക്രമ നം. | പ്രോജക്ട് നം/പേര് | നിർവ്വഹണ ഏജൻസി. | തുക.(രൂ) |
|---|---|---|---|
| 1 | S0090/21, വേങ്ങോട് അംബേദ്കർ കോളനി പൈപ്പ് ലൈൻ നീട്ടൽ | KWA | 997000 |
| 2 | S089/20,കണിയാപുരം UPS പുനരുദ്ധാരണം | അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് | 600000 |
| 3 | 112,മാലിന്യ സംസ്കരണം | മംഗലപുരം ഗ്രാമപഞ്ചായത്ത് | 351120 |
| 4 | കോവിഡ് ധനസഹായം (ചെക്ക് നം.5997918/25.08.20) | കഠിനം കുളം ഗ്രാമപഞ്ചായത്ത് | 500000 |
| 5 | 49/21 ,മെഡിക്കൽ കോളജ് മാലിന്യ പ്ളാന്റ് വിഹിതം | ശുചിത്വ മിഷൻ | 486346 |
| 6 | 87,ലൈഫ്-ബ്ളോക്ക് വിഹിതം(SCP) | വിവിധ ഗ്രാമ മപഞ്ചായത്തുകൾ | 997000 |
| 7 | 113, ന്യൂ ലൈഫ് ലക്ഷം വീട് കോളനി പുനരുദ്ധാരണം-ബ്ളോക്ക വിഹിതം(ജനറൽ) | വിവിധ ഗ്രാമ മപഞ്ചായത്തുകൾ | 400000 |
| 8 | 14,PMAYഭവന നിർമ്മാണം (SCP) | വിവിധ ഗ്രാമ മപഞ്ചായത്തുകൾ | 336000 |
| 9 | 11 ലൈഫ്മിഷൻ സമ്പൂർണ്ണ ഭവനപദ്ധതി(SCP) | വിവിധ ഗ്രാമ മപഞ്ചായത്തുകൾ | 520000 |
| 10 | 114, ന്യൂ ലൈഫ് ലക്ഷം വീട് കോളനി പുനരുദ്ധാരണം-ബ്ളോക്ക വിഹിതം(SCP) | വിവിധ ഗ്രാമ മപഞ്ചായത്തുകൾ | 700000 |
| 11 | 16 ന്യൂ ലൈഫ് ലക്ഷം വീട് കോളനി പുനരുദ്ധാരണം-ബ്ളോക്ക വിഹിതം(SCP) | വിവിധ ഗ്രാമ പഞ്ചായത്തുകൾ | 56000 |

20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-25 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി അണ്ടൂർകോണം- ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല

കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർ നിർദ്ദിഷ്ട മാതൃകയിലുള്ള TR 7A രജിസ്റ്ററിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. വരവു ചെലവു വിവരങ്ങൾ ഒരു രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്. ജി.ഒ(പി)നം. 177/2006/ഫിൻ തീയ്യതി.12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ 7എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് – ചെലവ് വിവരം രേഖപ്പെടുത്തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി റജിസ്റ്ററും സൂക്ഷിക്കുകയും വേണം. സർക്കാർ ഉത്തരവു പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവു ചെലവുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വരവു ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്. അപാകത പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം.16/13.05.2022 നുള്ള മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## 1-26 വനിതാ ഗ്രൂപ്പ് തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി-രേഖകളുടെ അഭാവത്തിൽ 1500000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 93/21 സ്പിൽ ഓവർ |
| പ്രോജക്റ്റിന്റെ പേര് | വനിതാ ഗ്രൂപ്പ് തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വ്യവസായ വികസന ഓഫീസർ |
| ഫണ്ട് | പൊതുവിഭാഗം സാധാരണ വിഹിതം |
| അടങ്കൽ | 1500000/- |
| ചെലവ് തുക | 1500000/- |
| ബിൽ നമ്പർ/തീയ്യതി | 01/21.04.2020, Rs.400000/-<br>02/27.04.2020, Rs.600000/-<br>03/21.04.2020, Rs.100000/-<br>04/21.04.2020, Rs.300000/-<br>05/21.04.2020, Rs.100000/- |

മേൽ പ്രോജക്റ്റ് പ്രകാരം 15 വ്യവസായ യൂണിറ്റുകൾക്ക് Rs.100000/- വീതം സബ്സിഡി നൽകിയിട്ടുണ്ട്.

1) വനിതാ ഗ്രൂപ്പ് സംരംഭങ്ങളുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) വനിതാ ഗ്രൂപ്പുകൾ ബാങ്കുമായി വെച്ചിട്ടുള്ള കരാറിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) ഓരോ ഗ്രൂപ്പിന്റെയും ലോൺ തിരിച്ചടവ് പരിശോധിക്കുന്നതിനായി ലോൺ അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4) ഫണ്ട് അനുവദിച്ചിട്ടുള്ള 15 യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ചത് എന്നാണ് എന്നതിനെ സംബന്ധിച്ചും അവയുടെ നിലവിലെ പ്രവർത്തനത്തെ സംബന്ധിച്ചും ഉള്ള വിശദാംശങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.26/17.05.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 1500000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 ശിശുവികസന പദ്ധതി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പ്രോജക്റ്റുകളിലെ അപാകതകൾ- 42250/- രൂപ തുക തടസ്സം ചെയ്യുന്നു

A)

| | |
|---|---|
| പ്രോജക്റ്റ് നം. | S0092/21 സ്പിൽ ഓവർ |
| പ്രോജക്റ്റിന്റെ പേര് | വയോജനങ്ങളുടെ കലാകായിക മത്സരങ്ങളും സൗഹൃദ കൂട്ടായ്മയും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശുവികസന പദ്ധതി ഓഫീസർ |
| ഫണ്ട് | വികസന ഫണ്ട് പൊതുവിഭാഗം<br>സാധാരണ വിഹിതം |
| അടങ്കൽ | 400000/- |
| ചെലവ് തുക | 384520/- |
| ബിൽ നമ്പർ/തീയ്യതി | 01/20.04.2020, Rs.114750/-<br>04/06.02.2021, Rs.269770/- |

വയോജനങ്ങളുടെ കാലാകായിക മത്സരങ്ങൾക്കാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മത്സര വിജയികൾക്ക് സമ്മാനമായി നൽകുന്നതിന് ഫ്ലാസ്ക് വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുകയുടെ ക്വട്ടേഷൻ സമർപ്പിച്ച സ്റ്റൈൽ പ്ലസ്, കെസ്റ്റൺ റോഡ്, കവടിയാർ എന്ന സ്ഥാപനത്തിൽ നിന്നും 400 ഫ്ലാസ്കുകൾ വാങ്ങിയിട്ടുണ്ട്. 04/06.02.2021 ബിൽ നമ്പർ പ്രകാരം Rs.96000/- സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഫ്ലാസ്ക് വിതരണത്തിനായി ഈ സ്ഥാപനവുമായി ബ്ലോക്ക്പഞ്ചായത്ത് ഉണ്ടാക്കിയ കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാങ്ങിയ ഫ്ലാസ്കുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ബിൽ നമ്പർ 01/20.04.2020 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ട്രഷറി അക്കൗണ്ടിലേക്ക് ₹3250/- യും സ്റ്റൈൽ പ്ലസ് എന്ന സ്ഥാപനത്തിന് ₹111500/- യും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ മേൽ ബില്ലുകൾ പ്രകാരം തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

B)

| | |
|---|---|
| പ്രോജക്റ്റ് നം. | SOO 60/21 |
| പ്രോജക്ടിന്റെ പേര് | പകൽ വീട് ബ്ലോക്ക് വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശുവികസന പദ്ധതി ഓഫീസർ |
| ഫണ്ട് | വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം |
| അടങ്കൽ | 900000/- |
| ചെലവ് തുക | 354158/- |

മംഗലപുരം ഗ്രാമപഞ്ചായത്ത് സമർപ്പിച്ച യു.സി പ്രകാരം 2020-21 വാർഷിക പദ്ധതിയിൽ പകൽ വീട് സംയുക്ത പ്രോജക്ടിന് ബ്ലോക്ക് വിഹിതമായി 300000/- രൂപ വകയിരുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് 58500/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നും വ്യക്തമാക്കിയിരിക്കുന്നു. അവശേഷിക്കുന്ന തുക തിരികെ ലഭ്യമായിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 02/10.05.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

C) ഭിന്ന ശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങളുടെ വിതരണം-അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | SOO91/21 |
| പ്രോജക്ടിന്റെ പേര് | ഭിന്ന ശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശുവികസന പദ്ധതി ഓഫീസർ |
| ഫണ്ട് | വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം |
| അടങ്കൽ | 1400000/- |
| ചെലവ് തുക | 1363139/- |
| ബിൽ നമ്പർ/തീയ്യതി | 02/20.04.2020, Rs.459652/-<br>03/08.09.2020, Rs.903487/- |

1) മേൽ പ്രോജക്റ്റ് പ്രകാരം 13 പേർക്ക് ട്രൈ സ്കൂട്ടർ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 11 പേർ ലേണേഴ്സ് ലൈസൻസ് മാത്രമേ എടുത്തിട്ടുള്ളൂ. പ്രസ്തുത വ്യക്തികൾ ബ്ലോക്ക്പഞ്ചായത്തുമായി ഒപ്പ് വെച്ചിട്ടുള്ള കരാറിൽ ലൈസൻസ് ഇല്ലാതെ വാഹനം ഓടിക്കാൻ പാടില്ല എന്ന നിബന്ധനയുണ്ട്. എന്നാൽ എത്ര പേർ നിലവിൽ ലൈസൻസ് എടുത്തിട്ടുണ്ട് എന്നതിൽ വ്യക്തതയില്ല.

2) ബിൽ നം.02/20.04.2020 പ്രകാരം കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് Rs. 459652/- നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) ട്രൈസ്കൂട്ടർ ലഭ്യമാക്കുന്നതിനായി അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസിലെ നിബന്ധന നമ്പർ 9 പ്രകാരം ടെണ്ടർ അനുസരിച്ചുള്ള സാധനങ്ങൾ നിർദ്ദേശിക്കുന്ന

സ്ഥലത്ത് ടെണ്ടർ നേടുന്നവർ സ്വന്തം ചെലവിൽ എത്തിക്കേണ്ടതാണ്. ടെണ്ടർ നേടിയ രാജൻ മൊബിക്കൽസ് എന്ന സ്ഥാപനം ലഭ്യമാക്കിയ 17.08.2020 ലെ ബിൽ പ്രകാരം Frieght+installation എന്ന ഇനത്തിൽ ഒരു സ്കൂട്ടറിന് 3250/- രൂപ വീതം 13 എണ്ണത്തിന് 42250/- രൂപ ചുമത്തിയിട്ടുണ്ട്. (03/08.09.2020, Rs.903487/- )ടെണ്ടർ നിബന്ധനയിൽ സ്കൂട്ടറുകളുടെ കടത്തുകൂലി വിതരണം ചെയ്യുന്ന സ്ഥാപനം വഹിക്കണം എന്ന് നിഷ്കർഷിച്ച സാഹചര്യത്തിൽ ഈ വിധം കടത്തുകൂലി പ്രത്യേകം നല്കിയത് ക്രമ വിരുദ്ധമാണ്. അതിനാൽ ടി തുക തടസ്സം ചെയ്യുന്നു.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.11/11.05.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| | മുന്നിരുപ്പ് (എ.എഫ്.എസ് പ്രകാരം) | വരവ് (എ.എഫ്.എസ് പ്രകാരം) | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) | നീക്കിയിരുപ്പ് (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം | 7771106 | 3831603 | 0 | 7340709 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 0 | 0 | 0 |

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിൽ നിന്നുള്ള ചെലവ് വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, വ്യത്യാസം പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയതുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | വേങ്ങോട് അംബേദ്കർ കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (90/21) | 997000/- | 0 | 997000/- |
| | ആകെ | 997000/- | | 997000/- |

| | 2019-20 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 5995400/- | 997000/- | 6992400/- | 0 | 6992400/- | 6992400/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| *ഇ.എം.എസ്. ഭവനപദ്ധതി | 6010265 | 58680 | 58680 | 0 |
| ഐ.എ.വൈ. | 4968400 | 1371280 | 347000 | 1024280 |

* ലോൺ രജിസ്റ്റർ പ്രകാരം

## 4-5 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2018-19 | ഖ.1-17 | 9219 | ശ്രീ.കൃഷ്ണകുമാർ, വാർഡ് മെമ്പർ | രസീത് നം. 43/16.03.21 |
| | ആകെ | 9219 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവ രം

| | |
|---|---|
| മുന്നിരിപ്പ് | 30388093 |
| ഓഡിറ്റ് വർഷത്തെ വരവ് | 74774434 |
| ആകെ വരവ് | 105162527 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85133863 |
| നീക്കിയിരിപ്പ് | 20028664 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,42,250 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-26 | 15,00,000 | ശ്രീ. ജോൺ വെല്ലസലി,<br>വ്യവസായ വികസന ഓഫീസർ |
| 1-27 | 42,250 | ഡോ.പ്രീതാകുമാരി,<br>ശിശു വികസന പദ്ധതി ഓഫീസർ |
| ആകെ | 15,42,250 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളാ യവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ഡോ.പ്രീതാകുമാരി, ശിശുവികസന പദ്ധതി ഓഫീസർ | ശിശുവികസന പദ്ധതി ഓഫീസർ, പുളിക്കീഴ്,പത്തനംതിട്ട | ജ്യോതിർഗമയTC-5/1281,അമ്പാടി നഗർലെയിൻ, ശ്രീകാര്യം പി.ഒ. |
| 2 | ശ്രീ. ജോൺ വെല്ലസലി, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | വ്യവസായ വികസന ഓഫീസർ | കടത്തരികത്ത് വീട്, മീൻമുട്ടി (PU), തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/353/18 തീയതി 20.02.2018 | 2 [29, 31] |
| 2001-02 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/620/2002 തീയതി 19.02.2016 | 3 [3-3, 3-5(1), 3-5(2)[ |
| 2002-03 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/1129/18 തീയതി 06.06.2018 | 2 [3-1, 3-2] |
| 2004-05 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/622/18 തീയതി 20.02.2018 | 2 [3-6, 3-8] |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ബി&ഡി/1010/2015 തീയതി 04.09.2015 | 7 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/324/18 തീയതി 20.01.2018 | 4 [3-3, 3-7, 3-9, 3-10] |
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/625/18 തീയതി 20.01.2018 | 1 [3-5] |
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/626/18 തീയതി 20.02.2018 | 2 [3-8, 3-10] |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ബി.പി./1129/2018 തീയതി 06.06.2018 | 5 [3-1, 3-2, 3-3, 3-4, 3-6] |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/629/18 തീയതി 20.02.2018 | 1 [3-6] |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/2196/18 തീയതി 16.10.2018 | 2 [3-1(1), 3-1(2)] |

| | | |
|---|---|---|
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/1129/18 തീയതി 06.06.2018 | 2 [3-8, 3-9] |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ബി&ഡി/426/18 തീയതി 18.09.2018 | 4 2-1, 2-2, 3-1, 3-2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1236/18 തീയതി 16.04.2019 | 5 [2-1, 2-2(a, B, C), 3-1, 3-4, 3-6] |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/320/2019 തീയതി 06.08.2019 | 13 |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി/1860/2019 തീയതി 17.10.2019 | 27 |
| 2019-20 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി/153/2022 തീയതി 18.03.22 | 30 |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്